
വ്യവസായ കേരളം
49
Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala
www.industry.kerala.gov.in
15 SEPTEMBER 2023




# എം.എസ്.എം.ഇ ഹെൽപ് ഡെസ്ക് ഉദ്ഘാടനം ചെയ്തു

**സം**സ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി (എം.എസ്.എം.ഇ) സർക്കാരും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് എക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയും (ഐ.സി.എ.ഐ) ചേർന്നൊരുക്കുന്ന സൗജന്യ ഹെൽപ് ഡെസ്ക് പദ്ധതി ആരംഭിച്ചു. സംസ്ഥാനതല ഉദ്ഘാടനം ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. വ്യവസായ വാണിജ്യ വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ(ഐ.സി.എ.ഐ)യുടെ കേരള ചാപ്റ്ററും ചേർന്നാണ് ഹെൽപ്പ് ഡെസ്ക് പദ്ധതി നടപ്പാക്കുന്നത്.

പുതിയ സംരംഭകർക്ക് സുസ്ഥിര ബിസിനസ് വളർത്തിയെടുക്കാൻ വേണ്ട എല്ലാ സാമ്പത്തിക മാർഗനിർദ്ദേശങ്ങളും എം.എസ്.എം.ഇ ഹെൽപ്പ് ഡെസ്കുകൾ വഴി ലഭ്യമാക്കും. വ്യവസായ സംരംഭങ്ങളേയും ഐ.സി.എ.ഐ പോലുള്ള പ്രൊഫഷണൽ സംഘടനകളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിദഗ്ധ സേവനം ലഭ്യമാക്കി വ്യാവസായിക വളർച്ചക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.




സംസ്ഥാനത്തെ എംഎസ്എംഇ കൾക്ക് ബിസിനസ് ആരംഭിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട എല്ലാവിധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് വ്യവസായ വാണിജ്യ വകുപ്പും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയും ചേർന്ന് എം.എസ്.എം.ഇ ഹെൽപ്ഡെസ്ക് ആരംഭിച്ചിരിക്കുന്നത്. ബിസിനസ് സംബന്ധമായ സംശയങ്ങൾ,ലോൺ ലഭിക്കുന്നതിന് ഡിപിആർ തയ്യാറാക്കൽ, ഫിനാൻസ്, ടാക്സ് ഓഡിറ്റ് മുതലായ എല്ലാ വിഷയങ്ങളിലുമുള്ള സംരംഭകരുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് ഹെൽത്ത് ഡെസ്ക് പ്രയോജനപ്പെടുത്താം. എല്ലാ മാസത്തിലെയും ആദ്യത്തെ ശനിയാഴ്ച എംഎസ്എംഇ കൾക്ക് ഹെൽപ്ഡെസ്ക് സേവനം ഐ.സി.എ.ഐ യുടെ കീഴിലുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഒമ്പത് റീജണൽ ഓഫീസുകളിൽ ലഭിക്കും. സേവനം ഒരു വർഷം സൗജന്യം.

# ജി20 യിൽ ശ്രദ്ധയാകർഷിച്ച് 
## കേരള സംസ്ഥാന ബാംബൂ മിഷൻ ഉത്പന്നങ്ങൾ

**ന്യൂ**ഡൽഹിയിൽ സംഘടിപ്പിച്ച പതിനെട്ടാമത് ജി 20 ഉച്ചകോടിയോടനുബന്ധിച്ചു 2023 സെപ്റ്റംബർ 8 മുതൽ 10 വരെ പ്രഗതി മൈതാനിലെ ഭാരത് മണ്ഡപത്തിലെ 'ക്രാഫ്റ്റ്സ് ബസാർ' ൽ (എക്സിബിഷൻ കം സെയിൽ) ശ്രദ്ധയാകർഷിച്ച് കേരള സംസ്ഥാന ബാംബൂ മിഷൻ ഉത്പന്നങ്ങൾ. കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷന്റെ ക്ഷണ പ്രകാരം രാജ്യത്തെ 4 സംസ്ഥാനങ്ങൾക്ക് മാത്രമായിരുന്നു എക്സിബിഷനിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. കേരളത്തെ പ്രതിനിധീകരിച്ച് വയനാട് ജില്ല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഉറവ് എൻ.ജി.ഒയാണ് കേരള സംസ്ഥാന ബാംബൂ മിഷന്റെ സഹായത്തോടെ എക്സിബിഷനിൽ പങ്കാളിയായത്.

കാലാവസ്ഥാ വ്യതിയാനം നേരിടാനുള്ള നടപടികൾക്ക് കൂടുതൽ ശക്തി പകരുന്നതിനും പുനരുപയോഗിക്കാവുന്ന ഊർജ ശേഷിയുടെ ഉത്പാദനത്തിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ആശയാവതരണങ്ങൾ ഉണ്ടായ ഉച്ചകോടിയിൽ പ്രകൃതിയിലേക്ക് മടങ്ങി സുസ്ഥിരമായ ജീവിതശൈലി പ്രധാനം ചെയ്യുന്ന മുള മേഖലയിലെ പ്രവർത്തനങ്ങളെ ഉന്നതതല ഉദ്യോഗസ്ഥർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനും പ്രതിനിധികളുമായി ചർച്ച നടത്തുന്നതിനും വഴിയൊരുക്കി. ബഹു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി നാഷണൽ ബാംബൂ മിഷൻ സ്റ്റാൾ സന്ദർശിച്ചു.



നിത്യജീവിതത്തിലും ഭാവി ലോകത്തിനും മുള മേഖലക്ക് ചെയ്യാൻ കഴിയുന്ന വൈവിധ്യമാർന്ന സാധ്യതകളെ ലോകത്തിനു മുന്നിൽ തുറന്നു കാട്ടുന്നതിനുള്ള മികച്ച ഒരു വേദിയായിരുന്നു എക്സിബിഷനെന്ന് കേരള സംസ്ഥാന ബാംബൂ മിഷന് വേണ്ടി പങ്കെടുത്ത ഉറവ് CEO ശ്രീ. ടോണി പോൾ പറഞ്ഞു. മുള മേഖലയുടെ ശാക്തീകരണത്തിനും കരകൗശല വിദഗ്ധരുടെ നൈപുണ്യങ്ങളെ വിളിച്ചറിയിക്കുന്നതിനുമായി കാലാവസ്ഥ സംരക്ഷണം, ഉയർന്ന ഗുണ നിലവാരമുള്ള വ്യവസായ അസംസ്കൃത വസ്തുക്കളുടെ ഉപയോഗം, പരമ്പരാഗത വ്യവസായം ഗ്രാമീണ വികസനം എന്നിങ്ങനെ 3 പ്രധാന ഘടകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് എക്സിബിഷൻ സ്റ്റാൾ തയ്യാറാക്കിയത്.

ജി20 ഉച്ചകോടി പ്രതിനിധികളും ഉച്ചകോടിയിൽ പങ്കെടുക്കുന്ന അന്താരാഷ്ട്ര മാധ്യമങ്ങളും ക്രാഫ്റ്റ്സ് ബസാർ സന്ദർശിക്കുകയും ഉൽപന്നങ്ങൾ അടുത്തറിയുകയും ചെയ്തിരുന്നു. ലോക രാജ്യങ്ങൾ പോലും ഉറ്റു നോക്കിയ ജി20 ഉച്ചകോടിയോടനുബന്ധമായി തയ്യാറാക്കിയ 'ക്രാഫ്റ്റ്സ് ബസാർ' ൽ (എക്സിബിഷൻ) പങ്കെടുക്കാൻ അവസരം




കിട്ടിയതിലൂടെ തങ്ങളുടെ ഉൽപ്പന്നങ്ങളെ ആഗോളതലത്തിൽ പ്രദർശിപ്പിക്കുന്നതിനും പ്രാദേശിക കരകൗശലത്തൊഴിലാളികൾക്ക് പുതിയ സാമ്പത്തിക, വിപണിക്കായി അവസരങ്ങൾ തുറക്കുന്നതിനും സാധിച്ചിട്ടുണ്ട്.

# സംസ്ഥാന കരകൗശല അവാർഡുകൾ വിതരണം ചെയ്യും

സംസ്ഥാന കരകൗശല അവാർഡിന് അർഹരായ കരകൗശല വിദഗ്ദ്ധർക്ക് വ്യവസായ വാണിജ്യ വകുപ്പ് പുരസ്കാരങ്ങൾ നൽകി ആദരിക്കും. സംസ്ഥാനത്ത് കരകൗശല വ്യവസായം വികസിപ്പിക്കുന്നതിനും കരകൗശല വിദഗ്ധർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനുമായി കേരളത്തിലെ കരകൗശല മേഖലയിലെ വിദഗ്ദ്ധരിൽ മികവുള്ളവരെ കണ്ടെത്തി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് 2015-16 മുതൽ കരകൗശല അവാർഡ് നൽകി വരുന്നുണ്ട്. 2021 വർഷക്കാലത്തെ കരകൗശല പുരസ്കാരങ്ങളാണ് 2023 സെപ്റ്റംബർ 20 ഉച്ചയ്ക്ക് 12 മണിക്ക് തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് വിതരണം നിർവഹിക്കുന്നത്.

കരകൗശല വിദഗ്ധരുടെ മികച്ച സംഭാവനകൾ, കരകൗശല വൈദഗ്ധ്യം, കരകൗശല വികസനം എന്നിവ കണക്കിലെടുത്താണ് അവാർഡുകൾ നൽകുന്നത്. ദാരു ശിൽപങ്ങൾ, പ്രകൃതിദത്ത നാരുകളിൽ തീർത്ത ശിൽപങ്ങൾ, ചൂരൽ, മുള എന്നിവയിൽ തീർത്ത ശിൽപങ്ങൾ, ചരട്, നാട, കസവ് ഇവ ഉപയോഗിച്ചുള്ള ചിത്രത്തുന്നൽ, ലോഹ ശിൽപങ്ങൾ, ചിരട്ട ഉപയോഗിച്ച് നിർമ്മിച്ച ശിൽപങ്ങൾ, വിവിധ വസ്തുക്കളിൽ നിർമ്മിച്ചവ (മുകളിൽ ഉൾപ്പെടാത്തവ) എന്നീ ഏഴ് വിഭാഗങ്ങളിലായാണ് പുരസ്കാരം നല്കുന്നത്. ഉപയോഗപ്രദവും, സൗന്ദര്യാത്മകവും, കലാപരവും, ക്രിയാത്മകവും, പരമ്പരാഗതവും, സാംസ്കാരിക പ്രാധാന്യമുള്ളതുമായ കരകൗശല ഉത്പന്നങ്ങളെ കണ്ടെത്തുന്നതിലൂടെ പ്രസ്തുത മേഖലയെ കൂടുതൽ മികവുറ്റതാക്കുന്നതിനും കരകൗശല വിദഗ്ധരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബഹു. വട്ടിയൂർക്കാവ് നിയമസഭാംഗം ശ്രീ. വി. കെ. പ്രശാന്ത് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ.എ.എസ്., ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ. അജിത് കുമാർ ഐ.എ.എസ്., വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്.ഹരികിഷോർ ഐ.എ.എസ്., കയർ വികസന ഡയറക്ടർ, ശ്രീ. വി. ആർ. വിനോദ് ഐ.എ.എസ്., വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീമതി. ആനി ജൂലാ തോമസ് ഐ.എ.എസ്., കൈത്തറി വസ്ത്ര ഡയറക്ടർ, ശ്രീ. അനിൽ കുമാർ കെ.എസ്., കേന്ദ്ര ഡെവലപ്മെന്റ് കമ്മീഷണർ (ഹാന്റിക്രാഫ്റ്റ്സ്) ഓഫീസ്, അസിസ്റ്റന്റ് ഡയറക്ടർ, ശ്രീ. ലെനിൻ രാജ്. കെ. ആർ. എന്നിവർ ചടങ്ങിൽ സംബന്ധിക്കും.മറ്റ് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, കരകൗശല വിദഗ്ധർ എന്നിവരും പ്രസ്തുത ചടങ്ങിൽ പങ്കെടുക്കും.

# മികച്ച സംരംഭങ്ങൾക്ക് പുരസ്കാരം

## അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാം

സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് പുരസ്കാരം നൽകുന്നു. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം, ലാർജ് ആൻഡ് മെഗാ വിഭാഗത്തിൽ ഉത്പാദന, സേവന, വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ, കയറ്റുമതി അധിഷ്ഠിത സംരംഭങ്ങൾ, ഉത്പാദന സ്റ്റാർട്ടപ്പുകൾ, വനിത, പട്ടികജാതി, പട്ടികവർഗ, ട്രാൻസ് ജെൻഡർ സംരംഭങ്ങൾ എന്നിവയ്ക്ക് പുരസ്കാരങ്ങൾ നൽകും.




സംസ്ഥാനത്തെ വ്യവസായ വാണിജ്യ മേഖലയ്ക്കും സമൂഹത്തിനും നൽകിയ മികച്ച സംഭാവനകളെ മുൻനിർത്തി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും നൽകുന്നതാണ്. 2021-22 സാമ്പത്തിക വർഷം വരെയുള്ള പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് സംരംഭങ്ങളെ തെരഞ്ഞെടുക്കുക.

സംരംഭക വർഷം 2022-23 പദ്ധതിയുടെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും പുരസ്കാരം നൽകും. ഓൺലൈൻ സംവിധാനത്തിലൂടെയാണ് അവാർഡിന് അർഹമായ സംരംഭങ്ങളെയും സ്ഥാപനങ്ങളെയും തെരഞ്ഞെടുക്കുന്നത്. വിശദ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനുമായി http://awards.industry.kerala.gov.in സന്ദർശിക്കുക. അവസാന തീയതി 2023 സെപ്റ്റംബർ 23.

# ഒരു സംരംഭകൻ പിറന്ന കഥ 02




പ്രധാൻ മന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി (പി.എം. എഫ്.എം.ഇ.) പ്രകാരം ബാങ്ക് ഓഫ് മഹാരാഷ്ട്ര, പാലക്കാട് ശാഖയിൽ നിന്നും വായ്പ ലഭ്യമാക്കി ശ്രീ. രമേശ് എന്ന സംരംഭകന്റെ ഉടമസ്ഥതയിലുള്ള PVR BAKES (ഓവൻ ഫ്രഷ്) എന്ന സ്ഥാപനം കുത്തനൂർ പഞ്ചായത്തിലെ മിൽറോഡ് എന്ന സ്ഥലത്ത് (07/07/2023) പ്രവർത്തനം ആരംഭിച്ചു.

കുത്തനൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. ടി സഹദേവന്റെ സാന്നിധ്യത്തിൽ ബഹു. തരൂർ നിയോജകമണ്ഡലം MLA ശ്രീ. പി. പി സുമോദ് ഉദ്ഘാടനം നിർവഹിച്ചു. പി.എം. എഫ്.എം.ഇ. പദ്ധതി പ്രകാരം ബാങ്ക് ഓഫ് മഹാരാഷ്ട്ര, പാലക്കാട് ശാഖയിൽ നിന്നും 11.22 ലക്ഷം രൂപയാണ് ബാങ്ക് വായ്പയായി നേടിയത്. 3 പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപനത്തിന്റെ ഉടമയാണ് ഇന്ന് ശ്രീ. രമേശ്.



Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.